പള്ളിത്താഴത്തു നടന്ന മുഖംമൂടി ആക്രമണം

1192. [1628] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 മാർച്ച് 21-ാം തീയതി മൂവാറ്റുപുഴ സ്റ്റേഷനതിർത്തിയിൽപ്പെട്ട ആരക്കുഴ പഞ്ചായത്തിൽ പള്ളിത്താഴത്ത് ശ്രീ. പി. എ. ജോർജിന്റെ വീട്ടിൽ മുഖംമൂടികൾ കാണിച്ച് സ്വർണ്ണാഭരണങ്ങൾ തട്ടിക്കൊണ്ടുപോയ കേസിലെ പ്രതികളെ കസ്റ്റഡിയിലെടുത്തോ ;

(ബി) ഇല്ലെങ്കിൽ പ്രതികളെ പിടിക്കാൻ പോലീസ് എന്തു നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രതികളെന്നു സംശയിച്ചവരെ ചോദ്യം ചെയ്യുകയും പോലീസ് നായുടെ സേവനം ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേസ് അന്വേഷണത്തിലാണ്.

പണവും മറ്റു വസ്തുക്കളും കവർന്നെടുത്തു എന്ന പരാതി

1193. [1629] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 23-4-1985-ൽ ആലുവായിൽ വച്ച് കെ. ആർ. ഇ. 8555 നമ്പർ വാഹനം കുറേപേർ തടഞ്ഞുനിർത്തി പണവും മറ്റു വസ്തുക്കളും കവർന്നെടുത്തു എന്ന പരാതി കിട്ടിയിട്ടുണ്ടോ ;

(ബി) ഇതിൻമേൽ കേസ് എടുത്തിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രതികൾ ആരെല്ലാമാണ് ;

(ഡി) പ്രതികളെ കസ്റ്റഡിയിലെടുത്തിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കസ്റ്റഡിയിലെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) പ്രതികൾ സുരേഷ്, ജോളി, സലീം, ശ്രീകുമാർ എന്നിവരാണ്.

(ഡി) സുരേഷ്, ശ്രീകുമാർ എന്നീ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഇ) രണ്ടു പ്രതികൾ ഒളിവിലായതിനാൽ അവരെ കണ്ടുപിടിക്കാനുള്ള അന്വേഷണം തുടരുന്നു.

LIBRARY ARCHIVES Kerala Legislative Assembly